"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ -ചുരക്കാട്ട് പാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 445/2010 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1616/2025/LSGD തീയതി, തിരുവനന്തപുരം, 27-06-2025**

---

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 25/11/2024 തീയതിയിലെ എ3/2642/2010/ടിഡിഎ നമ്പർ കത്ത്.
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 23/03/2025 തീയതിയിലെ DCTVM/228/2024-K9 നമ്പർ കത്ത്.
3. സ.ഉ.(സാധാ) നം. 1037/2025/തസ്വഭവ, തീയതി, 25/04/2025.
4. സ.ഉ.(സാധാ) നം. 5026/2025/ധന, തീയതി, 06/06/2025.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ-ചുരക്കാട്ട് പാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 445/2010 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 5,52,731/- രൂപ (അഞ്ച് ലക്ഷത്തി അമ്പത്തിരണ്ടായിരത്തി എഴുന്നൂറ്റി മുപ്പത്തിയൊന്ന് രൂപ മാത്രം) അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (1), (2) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 445/2010 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 5,52,731/- രൂപ (അഞ്ച് ലക്ഷത്തി അമ്പത്തിരണ്ടായിരത്തി എഴുന്നൂറ്റി മുപ്പത്തിയൊന്ന് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. രാമയ്യൻ ചെട്ടിയാർക്ക് അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (4) പ്രകാരം '4217-60-800-93 Payment of Compensation in LAR Cases (Plan Charged)' എന്ന ശീർഷകത്തിൽ 5,53,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ പാറ്റൂർ-ചുരക്കാട്ട് പാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം

താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വേ നം. 2352 (എൽ.എ. റീ. സർവ്വേ നം. 2352/2)-ൽ ഉൾപ്പെട്ടതും ശ്രീ. രാമയ്യൻ ചെട്ടിയാരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.58 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 445/2010 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 5,52,731/- രൂപ (അഞ്ച് ലക്ഷത്തി അമ്പത്തിരണ്ടായിരത്തി എഴുന്നൂറ്റി മുപ്പത്തിയൊന്ന് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. രാമയ്യൻ ചെട്ടിയാർ (റ്റി.സി.നം.38/246, ചാല പി.ഒ., തിരുവനന്തപുരം)-യ്ക്ക് അനുവദിക്കുന്നതിനായി '4217-60-800-93 Payment of compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (4) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ശ്രീ. രാമയ്യൻ ചെട്ടിയാർ, റ്റി.സി.നം.38/246, ചാല പി.ഒ., തിരുവനന്തപുരം. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/118/2025/FIN. dated 15.06.2025).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/143/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 30-06-2025 12:21:10
സെക്ഷൻ ഓഫീസർ